# 6th India-EU Cyber Dialogue

December 17, 2020

---

## 6 മത് ഇന്ത്യ -യൂറോപ്യൻ യൂണിയൻ സൈബർ ചർച്ച

ഡിസംബർ 17, 2020

2020 ഡിസംബർ 14 ന് വിർച്വൽ രീതിയിൽ നടന്ന ആറാമത് ഇന്ത്യ -യൂറോപ്യൻ യൂണിയൻ സൈബർ ചർച്ചകൾക്ക് ഇന്ത്യ ആതിഥേയത്വം വഹിച്ചു. ഇന്ത്യൻ വിഭാഗത്തെ ഇന്ത്യൻ വിദേശകാര്യമന്ത്രാലയം സൈബർ ഡിപ്ലോമസി ഡിവിഷൻ ജോയിന്റ് സെക്രട്ടറി ഡോ.എസ് ജാനകിരാമനും യൂറോപ്യൻ യൂണിയൻ വിഭാഗത്തെ EEAS, സുരക്ഷാ പ്രതിരോധ സെക്രട്ടറി മിസ് ജോവൻകെ ബാൽഫൂർട്ടും നയിച്ചു.

സമകാലീന പ്രശ്നങ്ങൾ; OSCE ,ARF എന്നിവയിലെ ചർച്ചകൾ ഉൾപ്പടെ യുള്ള പ്രാദേശിക ക്രമീകരണങ്ങൾ അല്ലെങ്കിൽ GGE,OEWG, എന്നിങ്ങനെയുള്ള ഐക്യരാഷ്ട്ര സഭ പ്ലാറ്റ് ഫോമുകളിൽ സൈബർ സ്പെയ്സ് സ്ഥിരത സംബന്ധിച്ചുള്ള പ്രാദേശിക ബഹുരാഷ്ട്ര സഹകരണം;EU സൈബർ ഡിപ്ലോമസി ടൂൾ ബോക്സ്, സൈബർ കുറ്റകൃത്യങ്ങൾ ,ഇതിനായുള്ള വിഭവശേഷി വികസനം എന്നിവയിലെ സഹകരണം ; സൈബർ നയങ്ങൾ സംബന്ധിച്ച ആനുകാലിക ചർച്ചകൾ; ഇന്റർനെറ്റ് ഉപയോഗം ; പുതുതായി ഉരുത്തിരിയുന്ന സൈബർ സംബന്ധമായ സാങ്കേതിക വിദ്യകൾ എന്നിവ പോലുള്ള വിവിധമേഖലകളിൽ സഹകരണം ഇരു വിഭാഗങ്ങളും ചർച്ച ചെയ്തു.

സുതാര്യവും സൗജന്യവും സുരക്ഷിതവുമായ സ്ഥിരതയോടെയും സമാധാനത്തോടെയും സൈബർസ്പെയ്സ് ലഭ്യമാക്കുന്നതിനും, സാമ്പത്തിക വളർച്ചയ്ക്കും നൂതനമായ കണ്ടുപിടുത്തങ്ങൾ നടത്തുന്നതിനും തങ്ങളുടെ പ്രതിബദ്ധത ഇരു ഭാഗങ്ങളും വാഗ്ദാനം ചെയ്തു. സൈബർ സ്പെയ്സിനെ സംബന്ധിക്കുന്ന പ്രശ്നങ്ങളിൽ ഇരു വിഭാഗങ്ങളുടെയും കാഴ്ചപ്പാടുകൾ സമാനമായിരുന്നു.സൈബർ സ്പെയ്സിലും, അതിന്റെ നിയമം മൂലമുള്ള മേൽനോട്ടം, ജനാധിപത്യ മൂല്യങ്ങൾ കൂടാതെ മൗലികമായ സ്വാതന്ത്ര്യങ്ങൾ എന്നിവയിൽ ഇരു സമൂഹങ്ങളും അടിസ്ഥാനപരമായ മൂല്യങ്ങൾ പാലിക്കണമെന്ന് അവർ അംഗീകരിച്ചു.

അടുത്ത ഇന്ത്യ -യൂറോപ്യൻ യൂണിയൻ ചർച്ചകൾ ബ്രൂസ്സൽസിൽ വച്ച് നടത്തുന്നതിനായി ഇരു വിഭാഗങ്ങളും അംഗീകരിച്ചു.

**ന്യൂ ഡൽഹി**
**17 ഡിസംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.